# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

**ജൂൺ 20**

**JUNE 20**

**2019**

*1194 മിഥുനം 05 ,* **വ്യാഴം**

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145


## ജില്ലാ കളക്ടറുടെ ഇന്റേൺഷിപ്പിന് 27 വരെ അപേക്ഷിക്കാം

സിവിൽ സർവീസ് മേഖലയിൽ സേവന സന്നദ്ധരായ 25 വയസിൽ താഴെയുള്ള ഡിഗ്രി പാസായവർക്ക് ജില്ലാ കളക്ടറുടെ ഇന്റേൺൺഷിപ്പ് പ്രോഗ്രാമിന് ജൂൺ 27 വരെ അപേക്ഷിക്കാം. സിവിൽ സർവീസ് മേഖലയിൽ പ്രവേശിക്കാൻ താൽപര്യമുള്ളവർക്ക് ഭരണ സംവിധാനത്തെക്കുറിച്ച് അടുത്തറിയാനും സാമൂഹിക സേവനത്തിനുമുള്ള അവസരവുമാണ് ഇന്റേൺഷിപ്പ് പ്രോഗ്രാമിലുടെ ലഭിക്കുക. സർക്കാർ പദ്ധതികൾ നടപ്പാക്കുന്നതിനും പാവപ്പെട്ടവരെ സഹായിക്കുന്നതിനും അഭ്യസ്ഥവിദ്യരുടെ കഴിവും നൂതന ചിന്തകളും പ്രയോജനപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം.

നിശ്ചിത മാതൃകയിലുള്ള അപേക്ഷ, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം ജൂൺ 27 നകം ജില്ലാ കളക്ടർ, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ പി.ഒ, കാസർകോട്-671 123 എന്ന വിലാസത്തിൽ അയക്കണം. അപേക്ഷാ ഫോം ജില്ലാ കളക്ടറുടെ ഓഫീസിൽ ലഭിക്കും. അഭിമുഖത്തിനുള്ള തീയ്യതി പിന്നീട് അറിയിക്കും. കൂടുതൽ വിവരങ്ങൾക്ക്: 04994 255010, ഇമെയിൽ kascoll.ker@nic.in

# പകർച്ചവ്യാധി നിയന്ത്രണം; പ്രത്യേക യോഗം ഇന്ന്

പകർച്ചവ്യാധി നിയന്ത്രണവുമായി ബന്ധപ്പെട്ട് ജില്ല-ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും മുൻസിപ്പിൽ ചെയർമാൻമാരുടെയും വിവിധ വകുപ്പ് മേധാവികളുടെയും യോഗം ഇന്ന് ( ജൂൺ 21) രാവിലെ 11.30ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. യോഗത്തിൽ എല്ലാവരും കൃത്യസമയത്ത് പങ്കെടുക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

## മഴക്കാല രോഗങ്ങൾക്കെതിരെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ആരോഗ്യ വകുപ്പ്

### 24 മണിക്കൂർ കൺട്രോൾ റൂം തുറന്നു

ജില്ലയുടെ കിഴക്കൻ മേഖലകളിൽ പനി ബാധിതരുടെ എണ്ണം വർധിച്ചു വരുന്ന സാഹചര്യത്തിൽ മഴക്കാല രോഗങ്ങൾക്കെതിരെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ആരോഗ്യ വകുപ്പ്. വരും ദിവസങ്ങളിൽ ഡെങ്കി പനി കേസുകൾ റിപ്പോർട്ട് ചെയ്യാനുള്ള സാധ്യതയുള്ളതിനാൽ ഫോഗിങ്ങ്, ഉറവിട നശീകരണ പ്രവർത്തനങ്ങളും ഗൃഹസന്ദർശനം, തോട്ട മേഖലകൾ, മറ്റ് പൊതുസ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ശുചീകരണവും കൊതുക് കൂത്താടീ നശീകരണ പ്രവർത്തനവും നടക്കുന്നുണ്ട്. അതേസമയം ഈ പ്രവർത്തനങ്ങളുമായി സഹകരിക്കാത്ത തോട്ടം ഉടമകൾക്കെതിരെ പൊതുജനാരോഗ്യ നിയമ പ്രകാരം നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. കൂടാതെ വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമായി വിലയിരുത്തുന്നുണ്ട്.

ജില്ലയിലെ എല്ലാ ആശുപതികളിലും പ്രത്യേക പനി വാർഡുകൾ സജ്ജീകരിക്കുകയും അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എല്ലാ ആശുപത്രികളിലും ആർആർടി (റാപ്പിഡ് റെസ്പോൺസ് ടീം) രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂം ജില്ലാ മെഡിക്കൽ ഓഫീസിൽ സജ്ജമാണ്. കൂടുതൽ വിവരങ്ങൾക്ക് 0467-2207777.

## ഡെങ്കിപനി ലക്ഷണങ്ങളും പ്രതിരോധമാർഗങ്ങളും

പനിയോടോപ്പം തലവേദന, കണ്ണിനു പുറകിലെ വേദന, പേശി വേദന, സന്ധി വേദന എന്നിവയാണ് ഡെങ്കിപനിയുടെ പ്രധാന ലക്ഷണങ്ങൾ. ഭൂരിഭാഗം പേർക്കും സാധാരണ വൈറൽ പനി (ജലദോഷ പനി) പോലെ ലക്ഷണങ്ങൾ കാണാറുണ്ട്. 3-4 ദിവസം പനിക്കുകയും തുടർന്ന് പനി കുറയുകയും അതേസമയം ക്ഷീണം വർധിക്കുക, വയറുവേദന, ഛർദി, ശരീരഭാഗങ്ങളിൽ ചുവന്നു പൊട്ടുകൾ പോലെ

കാണപ്പെടുക, വിവിധ അവയവങ്ങളിൽ രക്തസ്രാവം, ബോധനിലയിൽ മാറ്റങ്ങൾ പ്രത്യക്ഷപ്പെടുക, തലകറക്കം തുടങ്ങിയവ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**പ്രതിരോധ മാർഗങ്ങൾ**

രക്ത പരിശോധനയിലൂടെ ഡെങ്കിപനി കണ്ടെത്താം. പനിയുമായി ബന്ധപ്പെട്ട അപകട സൂചനകൾ കണ്ടാൽ എത്രയും വേഗം ചികിത്സ നടത്തുക. പോഷക സമൃദ്ധമായ ഭക്ഷണം കഴിക്കുക. ശരീരത്തിലെ ജലാംശം കുറയാതെ നിലനിർത്താൻ പാകത്തിൽ വെള്ളമോ, കഞ്ഞി മറ്റു ലായനികളോ ഇടക്കിടെ കുടിക്കുക പൂർണവിശ്രമം മുഖേന ഡെങ്കിപനി രോഗത്തെ നേരിടാം.

ആഴ്ചതോറും വീടും ഓഫീസുകളും പരിസരവും വൃത്തിയാക്കി വയ്ക്കാൻ ഉദ്ദേശിച്ച നടപ്പാക്കുന്ന ഡ്രൈ ഡെ ആചരണം ഫലപ്രദമായി നടപ്പാക്കുകയാണെങ്കിൽ ഈഡിസ് കൊതുകു പ്രജനനം തടയാൻ കഴിയും. വീടുകൾ മാത്രമല്ല ഓഫീസുകൾ, ജോലി സ്ഥലങ്ങൾ, നഗരങ്ങളിലെ കമ്പോളങ്ങൾ, ആശുപത്രികൾ, സ്കൂളുകൾ, കോളേജുകൾ തുടങ്ങിയ പ്രദേശങ്ങളിലും കോർപറേഷൻ, മുൻസിപ്പൽ മേഖലകളിൽ പൊതുജനാരോഗ്യ പരിപാലനം പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കിയാൽ മാത്രമേ പകർച്ച വ്യാധി നിയന്ത്രണം സാധ്യമാകു.

പരിസരങ്ങൾ ശ്രദ്ധിക്കുന്നതുപോലെ തന്നെ പ്രധാനമാണു വ്യക്തിഗത സുരക്ഷാ മാർഗങ്ങൾ അവലംബിക്കുന്നതും. രാവിലെയും വൈകുന്നേരവും കൊതുകു കടിക്കുന്നത് ഒഴിവാക്കുക, അതിനായി ശരീരം മുഴുവൻ മൂടുന്ന തരത്തിലുള്ള വസ്ത്രങ്ങൾ ധരിക്കാൻ ശ്രദ്ധിക്കുക. കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ ഉപയോഗിക്കുക. വീടിനുള്ളിൽ ഉറങ്ങുമ്പോഴും കൊതുകു വല ഉപയോഗിക്കുന്നതു ശീലമാക്കുക. പ്രായാധിക്യം ഉള്ളവർ, ഒരു വയസിനു താഴെയുള്ള കുഞ്ഞുങ്ങൾ, ഗർഭിണികൾ പ്രമേഹം, രക്താതിസമ്മർദം, ഹൃദ്രോഗം, അർബുദം മുതലായ രോഗങ്ങൾ ഉള്ളവർ രോഗപ്രതിരോധ ശേഷി കുറഞ്ഞവർ എന്നിവർക്കു ഡെങ്കി പനിയെ തുടർന്നുള്ള ആരോഗ്യ പ്രശ്ന സാധ്യതകൾ കൂടുതലാണ്. സ്വയം ചികിത്സ ഒഴിവാക്കുക. പ്രാരംഭ ലക്ഷണങ്ങൾ കണ്ടാൽ ഉടനെ അടുത്തുള്ള സർക്കാർ ആശുപതിയെ സമീപിക്കുക.

## സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ് 23 ന് ആരംഭിക്കും

കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ കാഞ്ഞങ്ങാട് ഉപകേന്ദ്രത്തിൽ ഹൈസ്കൂൾ, ഹയർസെക്കന്ററി, ഒന്നാം വർഷ ഡിഗ്രി വിദ്യാർത്ഥികൾക്കായി ഞായറാഴ്ചകളിൽ നടത്തുന്ന ഒരു അധ്യയന വർഷം ദൈർഘ്യമുള്ള ടാലന്റ് ഡവലപ്പ്മെന്റ്, സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സുകൾ ജൂൺ 23 ന് രാവിലെ 10ന് കാഞ്ഞങ്ങാട് ചെമ്മട്ടം വയൽ സയൻസ് ആന്റ് ടെക്നോളജി പാർക്കിൽ ആരംഭിക്കും. പ്രവേശനം നേടിയ വിദ്യാർത്ഥികൾ കൃത്യസമയത്ത് എത്തിച്ചേരണമെന്നു കോഡിനേറ്റർ അറിയിച്ചു.

## യു.കെ-എൻ.എച്ച് എസ് ഫൗണ്ടേഷൻ ട്രസ്റ്റിൽ നഴ്സുമാർക്ക് അവസരം

യു.കെ-എൻ.എച്ച്.എസ്. ഫൗണ്ടേഷൻ ട്രസ്റ്റിന് കീഴിലുള്ള ആശുപത്രികളിൽ യോഗ്യരായ നഴ്സുമാർക്ക് നോർക്കയുടെ എക്സ്പ്രസ് റിക്രൂട്ട്മെന്റ് സേവനം മുഖാന്തിരം നിയമനം നൽകും. ഒരു വർഷം പ്രവർത്തി പരിചയമുള്ള ബി.എസ്.സി./ജി.എൻ.എം നഴ്സ്മാരെയാണു പരിഗണിക്കുന്നത്. നിലവിൽ ഐ.ഇ.എൽ.ടി.എസ് (അക്കാദമിക്കിൽ) റൈറ്റിങ്ങിൽ 6.5 ഉം മറ്റ് വിഭാഗങ്ങളിൽ 7 സ് കോറിങ്ങും അല്ലെങ്കിൽ ഒ.ഇ.ടി.ബി ഗ്രേഡ് നേടിയവർക്കാണു നിയമനം.

ഐ.ഇ.എൽ.ടി. എസിൽ 6 സ്കോറിങ്ങുള്ളവർക്കു മതിയായ യോഗ്യത നേടുന്നതിനു നിശ്ചിത ഫീസീടാക്കി പരിശീലനം നൽകും. മതിയായ സ്കോറിങ്ങ് ലഭിക്കുന്നവർക്കു കോഴ്സ് ഫീസ് പൂർണ്ണമായും തിരികെ നൽകും. ഓൺലൈൻ അഭിമുഖത്തിലുടെ തെരഞ്ഞെടുക്കപ്പെടുന്നവർ എൻ.എച്ച്എസ്. ഫൗണ്ടേഷൻ നടത്തുന്ന സി.ബി.ടി (Competency Based Test) യോഗ്യത നേടണം. പ്രസ്തുത യോഗ്യത നേടുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങളും, സഹായങ്ങളും നോർക്ക ലഭ്യമാക്കും. തുടർന്ന് യു. കെ യിലെ നഴ്സിംഗ് & മിഡ്വൈഫറി കൗൺസിൽ രജിസ്ട്രേഷൻ ഉദ്യോഗാർത്ഥികൾ നിർവഹിക്കണം. 2019 ജൂൺ 26, ജൂലൈ 10, 17, 24 തീയതികളിൽ അഭിമുഖം നടക്കും.

ആദ്യഘട്ടത്തിൽ മൂന്നു വർഷത്തേക്കാണു നിയമനം. തുടർന്നും ജോലി ചെയ്യുവാൻ താത്പര്യമുള്ളവർക്ക പ്രസ്തുത രാജ്യത്തെ നിയമങ്ങൾക്കനുസരിച്ച് കരാർ പുതുക്കി ജോലിയിൽ തുടരാം. ശമ്പളം പ്രതിവർഷം ബാൻഡ് 4 ഗ്രേഡിൽ 17,93,350 രൂപ വരെയും ബാൻഡ് 5 ഗ്രേഡിൽ 20,49,047 രൂപവരേയും ലഭിക്കും. താമസം, വിമാന ടിക്കറ്റ് എന്നിവ സൗജന്യം. താത്പര്യമുള്ളവർ നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ സി.വി, പൂരിപ്പിച്ച എൻ.എച്ച്.എസ് അപേക്ഷ, ആമുഖ കത്ത് മറ്റു അനുബന്ധരേഖകൾ എന്നിവ സഹിതം rcrtment.norka@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ ജൂലൈ 20 നകം സമർപ്പിക്കണമെന്ന് നോർക്ക റൂട്ടസ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾ 0471-2770544 ലും, ടോൾ ഫ്രീ നമ്പരായ 1800 425 3939, (ഇന്ത്യയിൽ നിന്നും) 00918802012345 (വിദേശത്ത് നിന്നും) ലഭിക്കും.

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പാരിതോഷികം

2018-19 അധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു, വി.എച്ച്.എസ്.ഇ എന്നീ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ മത്സ്യത്തൊഴിലാളികളുടേയും അനുബന്ധമത്സ്യത്തൊഴിലാളികളുടേയും മക്കൾക്ക് മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡിൽ നിന്നും വർഷംതോറും വിതരണംചെയ്യുന്ന പാരിതോഷികം നൽകുന്നു.

എസ്.എസ്.എൽ.സി പരീക്ഷയിൽ 10എ+, 9എ+, 8എ+ എന്നീഗ്രേഡ് ലഭിച്ച കുട്ടികൾക്ക് യഥാക്രമം 5000, 4000, 3000 രൂപ വീതവും പ്ലസ്ടു, വി.എച്ച്.എസ്.ഇ പരീക്ഷകളിൽ മുഴുവൻ വിഷയങ്ങളിലും എ+ നേടിയവർക്ക് 5000 രൂപയുമാണു പാരിതോഷികം നൽകുന്നത്. കൂടാതെ കായികവിനോദ മത്സരങ്ങളിൽ സംസ്ഥാന ദേശീയതലത്തിൽ വിജയിച്ചവർക്കും പാരിതോഷികം നൽകും.

അപേക്ഷയോടൊപ്പം മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി പാസ്ബുക്ക് പകർപ്പ്, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ് ബുക്ക് പകർപ്പ് എന്നിവസഹിതം ജൂലൈ 20 നകം അതാത് ഫിഷറീസ് ഓഫീസുകളിൽ സമർപ്പിക്കണമെന്ന് കണ്ണൂർ റീജ്യണൽ എക്സിക്യുട്ടീവ് അറിയിച്ചു. ഫോൺ: 0497 2734587

## ഐ.ടി.ഐ പ്രവേശനം

കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. 13 എൻ.സിവി.ടി ട്രേഡുകളിലേക്കുള്ള അപേക്ഷ ഓൺലൈനായി https://itiadmissions.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഈ മാസം 29 ന് രാത്രി എട്ടിനകം സമർപ്പിക്കണം. അപേക്ഷ ഫീസ് 100 രൂപ ഓൺലൈൻ മുഖേന ഒടുക്കണം. കൂടുതൽ വിവരങ്ങൾ www.itikayyur.kerala.gov.in എന്ന വെബ്സൈറ്റിലും ഐ.ടി.ഐയിൽ പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്കിലും ലഭ്യമാണ്.ഫോൺ : 04672230980.

## പ്രവേശന പരീക്ഷ പരിശീലനം

2019 മാർച്ചിലെ പ്ലസ്ടു സയൻസ്, കണക്ക് വിഷയമെടുത്ത് കുറഞ്ഞത് നാല് വിഷയത്തിനെങ്കിലും ബി ഗ്രേഡിൽ കുറയാതെ ഗ്രേഡ് ലഭിച്ചു വിജയിച്ചവരും 2019 ലെ മെഡിക്കൽ പൊതുപ്രവേശന പരീക്ഷയിൽ 15 ശതമാനം കുറയാതെ സ്കോർ നേടിയവരുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2020 ലെ നീറ്റ്/എൻജിനിയറിങ് പ്രവേശന പരീക്ഷയ്ക്ക് മുമ്പായി ഒരു വർഷത്തെ പരിശീലനം നൽകുന്നു. താൽപ്പര്യമുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന് അപേക്ഷ സമർപ്പിക്കാം. 2019 ലെ മെഡിക്കൽ പ്രവേശന പരീക്ഷ പരിശീലനത്തിൽ പങ്കെടുത്തവരും 25 ശതമാനം കുറയാതെ സ്കോർ നേടിയ വിദ്യാർത്ഥികളെയും മതിയായ അപേക്ഷകരില്ലാത്ത സാഹചര്യത്തിൽ പരിഗണിക്കും. എന്നാൽ രണ്ടിൽ കൂടുതൽ തവണ പ്രവേശന പരീക്ഷ പരിശീലനത്തിൽ പങ്കെടുത്തവരെ വീണ്ടും പരിഗണിക്കുന്നതല്ല. വിദ്യാർത്ഥികൾ പേര്, മേൽവിലാസം, ജാതി/വരുമാന സർട്ടിഫിക്കറ്റ്, പ്ലസ്ടു മാർക്ക് ലിസ്റ്റ്, 2019 ലെ പ്രവേശന പരീക്ഷയുടെ സ്കോർ ലിസ്റ്റ് പകർപ്പ്, വിദ്യാർത്ഥികളെ താമസിപ്പിച്ച് പഠിപ്പിക്കുന്നതിനുള്ള രക്ഷിതാക്കളുടെ സമ്മതപത്രം എന്നിവ ഉൾപ്പെടെ വെള്ളക്കടലാസിൽ തയ്യാറാക്കിയ പൂർണമായ മേൽവിലാസം, ഫോൺ നമ്പർ ഉൾപ്പെടുന്ന അപേക്ഷ കാസർകോട്

ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ  ഈ മാസം 25 നകം  സമർപ്പിക്കണം. തെരഞ്ഞെടുക്കപ്പെടുന്നവരുടെ മുഴുവൻ ചെലവും  സർക്കാർ  വഹിക്കും. കൂടുതൽ വിവരങ്ങൾക്ക് ട്രൈബൽ എക്സ്റ്റൻഷൻ  ഓഫീസുകളായ  പനത്തടി,കാസർകോട്,നീലേശ്വരം, എൻമകജെ എന്നീ  ഓഫീസുകളിൽ ബന്ധപ്പെടണം.

## സ്വർണ്ണ  ലേലം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി ലഭിച്ച സ്വർണാഭരണങ്ങൾ കാസർകോട് കളക്ടറേറ്റ് മിനികോൺഫറൻസ് ഹാളിൽ നിന്നും ഈ മാസം 27 ന് വൈകുന്നേരം മൂന്നിന് ലേലം ചെയ്യും.

## അപേക്ഷ ക്ഷണിച്ചു

കാസർകോട് ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്  പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. മെഡിക്കൽ, എഞ്ചിനീയറിംഗ്, ബിരുദം, ബിരുദാനന്തര ബിരുദം, ഗവേഷണം,പോളിടെക്നിക്, മറ്റെല്ലാ സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾ, സംസ്ഥാനത്തിന് പുറത്തുള്ള അംഗീകൃത സർവ്വകലാശാലകളുടെ കോഴ്സുകൾ പഠിക്കുന്നവർ എന്നിവർക്ക് അപേക്ഷ സമർപ്പിക്കാം. ഇവർ ഗ്രാമസഭ, ഊരുകൂട്ടം അംഗീകരിച്ച ലിസ്റ്റിൽപ്പെട്ടവരായിരിക്കണം.  നിർദ്ധനരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് മുൻഗണന. അപേക്ഷയോടൊപ്പം ജാതി, വരുമാനം, പഠിക്കുന്ന സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം, പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ ഇതേ ആവശ്യത്തിന് തുക നൽകിയിട്ടില്ല എന്ന ബന്ധപ്പെട്ടവരുടെ സാക്ഷ്യപത്രം, ആധാർ, ബാങ്ക് അക്കൗണ്ട് പകർപ്പുകൾ എന്നിവ സഹിതം അപേക്ഷ ജൂലൈ 31 നകം കാസർകോട് ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ – 04994 255466.

## ജനറൽ നഴ്സിങ് കോഴ്സിന് അപേക്ഷിക്കാം

ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 15 സർക്കാർ നേഴ്സിങ് സ്കൂളുകളിലും ഒക്ടോബർ മാസത്തിൽ ആരംഭിക്കുന്ന ജനറൽ നഴ്സിങ് കോഴ്സിലേക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി ഐഞ്ചിക വിഷയമായെടുത്ത് 40 ശതമാനം മാർക്കോടെ പ്ലസ്ടു അഥവാ തത്തുല്യ പരീക്ഷ പാസ്സായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. എസ്.സി, എസ്,ടി വിഭാഗത്തിലുള്ള അപേക്ഷകർക്ക് പാസ് മാർക്ക് മതിയാകും.  സയൻസ് വിഷയങ്ങൾ പഠിച്ച അപേക്ഷകരുടെ അഭാവത്തിൽ മറ്റുള്ളവരേയും പരിഗണിക്കും.

14 ജില്ലകളിലായി ആകെ 365 സീറ്റുകളാണ് ഉള്ളത്. ഇതിൽ 20 ശതമാനം സീറ്റുകൾ ആൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. അപേക്ഷകർക്ക് 2018 ഡിസംബർ 31 ന് 17 വയസ്സിൽ കുറയുവാനോ, 27 വയസ്സിൽ കൂടുവാനോ പാടില്ല.

പിന്നോക്ക സമുദായക്കാർക്ക് മൂന്നു വർഷവും പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് അഞ്ച് വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കും.

അപേക്ഷാഫോമും പ്രോസ്പെക്ടസും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷാഫീസ് പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് 75 രൂപയും മറ്റുള്ളവർക്ക് 250 രൂപയും ആണ്. അപേക്ഷ അതത് ജില്ലയിലെ നേഴ്സിംഗ് സ്കൂൾ പ്രിൻസിപ്പാളിന് ജൂലൈ 10 ന് വൈകുന്നേരം അഞ്ചിനകം ലഭിക്കണം.കൂടുതൽ വിവരങ്ങൾക്ക്-0471 2302490.

## ടെണ്ടർ ക്ഷണിച്ചു

കാസർകോട് ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയത്തിന്റെ അധീനതയിൽ വരുന്ന പ്രദേശങ്ങളിൽ ഭക്ഷ്യ സുരക്ഷാ ക്വിക്ക് റെസ്പോൺസ് ടീമിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് പ്രതിമാസം പരമാവധി 40000 രൂപ നിരക്കിൽ ടെണ്ടർ അടിസ്ഥാനത്തിൽ ഒരു വർഷ കാലയളവിലേക്ക് ബൊലേറോ, ടാറ്റാ സുമോ, ടവേര വാഹനം ഡ്രൈവർ സഹിതം ഓടിക്കുന്നതിലേക്ക് ടെണ്ടർ ക്ഷണിച്ചു. ടെണ്ടറുകൾ ഈ മാസം 26 ന് ഉച്ചയ്ക്ക് 12 വരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക്-04994 256257

## 'കാവ്യോത്സവം' 26ന്

## സർക്കാർ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും പങ്കെടുക്കാം

വായന പക്ഷാചരണത്തിന്റെ ഭാഗമായി ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ജില്ലാതല വായന പക്ഷാചരണ സംഘാടക സമിതിയുമായി ചേർന്ന് ജൂൺ 26 ന് ഉച്ചയ്ക്ക് 1.30 ന് കാസർകോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ കാവ്യോത്സവം-കവിതാലാപന മത്സരം സംഘടിപ്പിക്കുന്നു. വയലാർ-പി ഭാസ്ക്കരൻ-ഒ എൻ വി എന്നീ വിഖ്യാത കവികളുടെ കവിതകൾ അവതരിപ്പിക്കാം. സർക്കാർ ജീവനക്കാർക്കും സ്കുൾ-കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും മത്സരത്തിൽ പങ്കെടുക്കാം. താത്പര്യമുള്ളവർ ഈ മാസം 25 നകം പങ്കെടുക്കുന്ന ആളുടെ പേര്, സ്ഥാപനത്തിന്റെ പേര്, വിലാസം, തസ്തിക (ഗവൺമെന്റ് ജീവനക്കാർ ) മൊബൈൽ നമ്പർ എന്നിവ dioksgd@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയക്കുകയോ 04994 255145 നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുകയോ ചെയ്യണം.

(തുടരും)